**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3034** **13-07-2022 - ൽ മറുപടിയ്ക്ക്**

**അമ്പലപ്പുഴ നിയോജകമണ്ഡലത്തിലെ പൊതുമരാമത്ത് റോഡ് നിർമ്മാണ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | അമ്പലപ്പുഴ നിയോജകമണ്ഡലത്തിൽ നിലവിൽ നിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന പൊതുമരാമത്ത് റോഡ് നിർമ്മാണ പദ്ധതിയുടെ പേര്, തുക, നിലവിലെ നിർമ്മാണ പുരോഗതി എന്നിവ വിശദമാക്കാമോ; | (എ) | പൊതുമരാമത്ത് നിരത്ത് വിഭാഗത്തിന് കീഴിൽ വരുന്ന പ്രവൃത്തികളുടെ വിശദ വിവരങ്ങൾ അനുബന്ധം-I ആയും കെ.ആർ.എഫ്.ബി, പി.എം.യു-ന് കീഴിൽ വരുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധം-II ആയും ചേർത്തിരിക്കുന്നു. കെ.എസ്.ടി.പി യുടെ ആർ.കെ.ഐ പദ്ധതിയിൽ ഉൾപ്പെടുത്തി 649 കോടി രൂപയ്ക്ക് നവീകരിക്കുന്ന ആലപ്പുഴ ചങ്ങനാശ്ശേരി റോഡിന്റെ അമ്പലപ്പുഴ നിയോജക മണ്ഡലത്തിലെ 2.654 കി.മീ റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. |
| (ബി) | ഭരണാനുമതി ലഭിച്ചിട്ടും ഇതുവരെ നിർമ്മാണം ആരംഭിച്ചിട്ടില്ലാത്ത പ്രവൃത്തി, തുക, നിലവിലെ സ്ഥിതി എന്നിവ ലഭ്യമാക്കാമോ; | (ബി) | പൊതുമരാമത്ത് നിരത്ത് വിഭാഗത്തിന് കീഴിൽ വരുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ വിവരങ്ങൾ അനുബന്ധം-III ആയി ചേർത്തിരിക്കുന്നു. പ്രൊജക്റ്റ് ഡയറക്ടർ, പി.എം.യു, കെ.ആർ.എഫ്.ബി, കെ.എസ്.റ്റി.പി എന്നിവയ്ക്ക് കീഴിൽ ഭരണാനുമതി ലഭിച്ചിട്ടും നിർമ്മാണം ആരംഭിച്ചിട്ടില്ലാത്ത പ്രവൃത്തികൾ ഒന്നും തന്നെയില്ല. |
| (സി) | കാലതാമസമില്ലാതെ റോഡ് നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (സി) | എം.എൽ.എ - എഡി.എസ് പ്രവൃത്തികൾക്ക് വേണ്ടി കളക്ടറുടെ ഭരണാനുമതി ലഭിച്ച് തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ, പ്രസ്തുത തുക പി.ഡബ്ല്യൂഡി ഡെപ്പോസിറ്റ് ഹെഡിൽ ഡെപ്പോസിറ്റ് ചെയ്ത ശേഷം മാത്രമേ പ്രവൃത്തി ടെണ്ടർ ചെയ്യാൻ സാധിക്കുകയുള്ളൂ. കൂടാതെ റോഡ് പ്രവൃത്തിക്കായി വിട്ട് നൽകുന്ന പഞ്ചായത്ത് കമ്മിറ്റിയുടെ റെസല്യൂഷൻ കിട്ടാനുള്ള താമസവും ഭരണാനുമതി നൽകിയ പ്രവൃത്തി തുടങ്ങാനുള്ള കാലതാമസത്തിന് കാരണമാകുന്നു. ആയത് ഒഴികെയുള്ള പ്രവൃത്തികൾക്കൊന്നും തന്നെ കാലതാമസം നേരിട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ